**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **17-03-2022 - ൽ മറുപടിയ്ക്ക്**

**മുൻ എം.എൽ.എ.മാർ നിർദ്ദേശിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ എം.എൽ.എ.മാർ അവരുടെ കാലയളവിൽ ആസ്തി വികസന ഫണ്ടും പ്രാദേശിക വികസന ഫണ്ടും ഉപയോഗപ്പെടുത്തി നിർമ്മാണം നടത്താൻ അനുമതി വാങ്ങിയ പദ്ധതികൾ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തിയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാങ്കേതിക പ്രശ്നങ്ങളാൽ നടക്കാതെ പോയ അന്നത്തെ പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാങ്കേതിക പ്രശ്നങ്ങളാൽ നടക്കാതെ പോയ അന്നത്തെ പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് പുതിയ പ്രവൃത്തി എടുക്കുന്നതിന് മുൻ എം.എൽ.എ.യുടെ കത്ത് വേണമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വികസന പ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരം ആയി മുൻ എം.എൽ.എ മാർ അവരുടെ കാലയളവിൽ ആസ്തി വികസന/ പ്രാദേശിക വികസന ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിർമ്മാണം നടത്താൻ അനുമതി വാങ്ങിയ പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് പുതിയ പ്രവൃത്തി എടുക്കുന്നതിന് മുൻ എം.എൽ.എ.യുടെ കത്ത് വേണമെന്നുമുള്ള നിബന്ധന ഒഴിവാക്കിയിട്ടുണ്ട് |
| (സി) | അരൂർ മണ്ഡലത്തിൽ മുൻ എം.എൽ.എമാർ നിർദ്ദേശിച്ച എത്ര വർക്കുകളാണ് ക്യാൻസൽ ചെയ്ത് പുതിയ വർക്ക് എടുക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളത്; ആയതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | അരൂർ മണ്ഡലത്തിൽ മുൻ എം.എൽ.എ മാർ നിർദ്ദേശിച്ച 5 വർക്കുകളാണ് ക്യാൻസൽ ചെയ്ത് പുതിയ വർക്ക് എടുക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളത്. ക്യാൻസൽ ചെയ്യാൻ നിർദ്ദേശിച്ച വർക്കുകളും ആയവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ